**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1623** **19-06-2024 - ൽ മറുപടിയ്ക്ക്**

**കല്ല്യാശ്ശേരി മണ്ഡലത്തിലെ ചന്തപ്പുരയിൽ തെയ്യം മ്യൂസിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | കല്ല്യാശ്ശേരി മണ്ഡലത്തിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ ചന്തപ്പുരയിൽ തെയ്യം മ്യൂസിയം സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി - പാണപ്പുഴ ഗ്രാമപഞ്ചായത്തിൽപ്പെട്ട ചന്തപ്പുരയിൽ പുതിയതായി സ്ഥാപിക്കുന്ന തെയ്യം മ്യൂസിയത്തിനായി സർക്കാർ നോഡൽ ഏജൻസിയായ M/s. കേരളം ചരിത്ര പൈതൃക മ്യൂസിയം മുഖേന 7,96,27,309/- രൂപയുടെ DPR തയ്യാറാക്കി സർക്കാർ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ സാങ്കേതികമായ ചില കാരണങ്ങളാൽ സമയബന്ധിതമായി ടി പദ്ധതി ആരംഭിക്കാൻ സാധിച്ചിരുന്നില്ല. തുടർന്ന് ടി പദ്ധതി നടപ്പിലാക്കുന്നതിന് മറ്റൊരു അംഗീകൃത ഏജൻസിയായ M/s. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി ലിമിറ്റഡ്, കോഴിക്കോടിനെ ചുമതലപ്പെടുത്തുകയും തുടർന്ന് 14 കോടി രൂപയുടെ പുതിയ DPR തയ്യാറാക്കി ടി ഏജൻസി നൽകുകയും ചെയ്തു. ഈ DPR സർക്കാർ വിശദമായി പരിശോധിച്ചുവരുന്നു. പ്രസ്തുത പ്രൊപ്പോസൽ ഇപ്പോൾ ധനകാര്യവകുപ്പിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ